കർഷകത്തൊഴിലാളി പെൻഷൻ

94 [1233] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം എത്ര മാസത്തെ പെൻഷൻ നൽകുവാനുണ്ടെന്നും ആയതിന് എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്രപേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

1-5-2002 മുതൽ 31-12-2003 വരെ 20 മാസത്തെ പെൻഷൻ നൽകുവാനുണ്ട്. അതിനായി ഏകദേശം 151 കോടി രൂപയോളം വേണ്ടിവരും. 17-5-2001-നുശേഷം 30-4-2002 വരെ 1,18,878 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളികൾക്കുള്ള വിവാഹ ധനസഹായം

95 [1234] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനുള്ളഎത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുവാനുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) ആയത് നൽകുവാൻ എന്തു തുക വേണ്ടിവരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവാഹ ധനസഹായത്തിനായി 31-12-2003 വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും തീർപ്പു കൽപ്പിക്കുവാൻ ഉള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	2053
കൊല്ലം	..	1673
പത്തനംതിട്ട	..	646
ആലപ്പുഴ	..	3795
കോട്ടയം	..	2824
ഇടുക്കി	..	814
എറണാകുളം	..	2779
തൃശ്ശൂർ	..	3803
പാലക്കാട്	..	5698
മലപ്പുറം	..	3238
കോഴിക്കോട്	..	6196
വയനാട്	..	1171
കണ്ണൂർ	..	5013
കാസറഗോഡ്	..	1272

(ബി) ആകെ 8,19,50,000 രൂപ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly